**6.3. നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനു വേണ്ടി എസ്.എച്ച്.പി വികസനത്തിനായി കൺസൽട്ടൻസി അസൈൻമെന്റ് നടപ്പിലാക്കി**



2016-17 കാലഘട്ടത്തിൽ ഇ.എം.സി, കേന്ദ്ര സർക്കാരിന്റെ നവരത്ന കമ്പനിയായ നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡുമായി (NLCIL) താഴെ പറയുന്ന പദ്ധതികൾക്ക്ആവശ്യമായ വിദഗ്ദ്ധോപദേശം നൽകാനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.

1) NLCILന്റെ താപവൈദ്യുത നിലയം-II ലേക്കുള്ള ശീതികരണ വെള്ളത്തിന്റെ (കൂളിംഗ് വാട്ടർ ) ഇൻലെറ്റ് ചാനലിൽ ഗതികോർജ്ജോപയോഗ ചെറുകിട ജലവൈദ്യുത പദ്ധതി (ഹൈഡ്രോ കൈനറ്റിക് മൈക്രോ ഹൈഡൽ പ്രൊജക്റ്റ്) സ്ഥാപിക്കുക. 4x5 കിലോ വാട്ട് ആർജ്ജിതശേഷിയുള്ള ഈ പദ്ധതി ഇന്ത്യയിലെ ആദ്യ ഹൈഡ്രോ കൈനറ്റിക് മൈക്രോ ഹൈഡൽ പ്രൊജക്റ്റാണ്.

2) എൻ എൽ സി ഐ എൽ ക്യാമ്പസിലെ മുഴുവൻ മൈക്രോ / പൈക്കോ സാധ്യതകൾ കണ്ടെത്താനും അവയുടെ ഭാവി വികസനത്തിനുമായുള്ള ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി കൺസൽട്ടൻസി അസ്സൈന്മെന്റ് പ്രോജക്ടിന്റെ ആകെ മുടക്കുമുതൽ 83.00 ലക്ഷം രൂപയാണ്. ഈ ചെറുകിട ജലവൈദ്യുത പദ്ധതി വിജയകരമായി പൂർത്തിയാക്കി 2017 ഒക്ടോബർ 12 ൽ കമ്മീഷൻ ചെയ്തു.